പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)

**2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത് ]

2024 ജൂലൈ 4-ാം തീയതി സമർപ്പിച്ചത്
(Presented on 4th July 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
(വിദ്യാഭ്യാസം)

2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത് ]

936/2024.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)
# (2023-2026)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. വി. ശിവൻകുട്ടി,

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ഡോ. ആർ. ബിന്ദു,
ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
ബഹു. മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 27-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകൾ 10-6-2024, 2-7-2024 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ അദ്ധ്യായം I-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചുള്ള സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അദ്ധ്യായം II-ൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ ഇനിയും സർക്കാരിൽ നിന്നും മറുപടി ലഭ്യമാകാതെയുള്ള ശിപാർശകൾ/ഖണ്ഡികകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2024 ജൂലൈ 2-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. ശിവൻകുട്ടി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2024 ജൂലൈ 4.

# റിപ്പോർട്ട്

<u>അദ്ധ്യായം - I</u>

**2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും**

<u>ശിപാർശ (ഖണ്ഡിക നമ്പർ. 1)</u>

2202-01-102-99-01-4—<u>ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം - ടീച്ചിംഗ് ഗ്രാന്റ്- ശമ്പളം- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

5849 എയ്ഡഡ് പ്രൈമറി സ്കൂൾ അധ്യാപകരുൾപ്പെടെ 66006 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 1.1726 കോടി രൂപയിൽ നിന്നും 65.69 ലക്ഷം രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 2)</u>

2202-01-102-95—<u>ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം വിതരണം</u>

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിനായി പ്രസ്തുത ശിർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 140 കോടി രൂപയിൽ നിന്നും 102.5268 കോടി രൂപയാണ് 2023-24

സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 3)

2202-01-102-93-02-4—പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം -വേതനം - കൺസോളിഡേറ്റഡ് പേ

പി.ടി.എ. യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അധ്യാപികമാർക്കും 758 ആയമാർക്കും അനുവദിച്ചിട്ടുള്ള ഓണറേറിയം നൽകുന്നതിന് ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 60 കോടി രൂപയിൽ നിന്നും 58.9337 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 4)

2202-01-104-99—പരിശോധന

05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

06—വാടക, കരം, നികുതി

സംസ്ഥാനത്തെ 163 എ.ഇ.ഒ. ഓഫീസുകളിലെ മുൻവർഷങ്ങളിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക, വാടകയിനത്തിലുള്ള കുടിശ്ശിക തുക എന്നിവ നൽകുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 21 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 06-വാടക എന്ന ഘടകത്തിനായി അധിക ധനാഭ്യർത്ഥന മുഖേന 16.96 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിക്കുകയും ആകെ 41.8836 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത

ശീർഷകത്തിലെ 05-2 ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ് എന്ന ഘടകത്തിനായി വകയിരുത്തിയ 27.50 ലക്ഷം രൂപയിൽ നിന്നും 26.1558 ലക്ഷം രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. ആയതിനാൽ സമിതിയുടെ ശിപാർശയനുസരിച്ച് പ്രസ്തുത ശീർഷകത്തിലെ ടി ഘടകത്തിനായി (ഓഫീസ് ചെലവുകൾ, വൈദ്യുതി ചെലവ്) അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 5)

2202-01-107-90—ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് (ഡയറ്റ്) (60% സി.എസ്.എസ്)

04-4—യാത്രാച്ചെലവുകൾ - അവധി യാത്രാനുകൂല്യം

ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗിലെ ജീവനക്കാരുടെ എൽ.റ്റി.സി. തുക നൽകുന്നതിനായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 6)

2202-01-111-96-03—സർവ്വശിക്ഷാ കേരള പ്രോജക്ട് ഡയറക്ടേറ്റ്-സമഗ്ര ശിക്ഷ കേരളയ്ക്ക് സംസ്ഥാനത്തിന്റെ അധിക സഹായം

സമഗ്രശിക്ഷാ, കേരളം സ്റ്റേറ്റ് ഓഫീസ് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി ബജറ്റിലെ വിഹിതം അപര്യാപ്തമായതിനാൽ 6.75 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-34 സാമ്പത്തിക വർഷത്തിലെ ചെലവ് ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 7)

04—സംസ്ഥാന സർക്കാർ മുൻകൂറായി നൽകിയ തദ്ദേശ സ്വയംഭരണ വിഹിതം

സമഗ്രശിക്ഷാ കേരള-കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതത്തിന്റെ 74% തുക പ്രാഥമിക വിദ്യാഭ്യാസത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നല്കുന്നത്. ഈ തുക ബജറ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ആദ്യഗഡു അനുവദിക്കുകയുള്ളൂ. ആയതിനാൽ പദ്ധതി ഇനത്തിൽ 280 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 233.7928 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിക്കുകയും ആകെ 94.0371 കോടി രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ. 8)

2202-01-111-95-01-02—അദ്ധ്യാപനം ശക്തിപ്പെടുത്തൽ -സംസ്ഥാനങ്ങൾക്കുള്ള പഠനവും ഫലങ്ങളും (സ്റ്റാർസ്) സമഗ്രശിക്ഷാ കേരള മുഖാന്തരം നടപ്പാക്കൽ) (60% സി.എസ്.എസ്)

01—കേന്ദ്ര വിഹിതം

അദ്ധ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതിയിനത്തിൽ 180 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 90.3354 കോടി രൂപ കേന്ദ്രവിഹിതമായി അനുവദിക്കുകയും 64.1827 കോടി രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ. 9)

02—സംസ്ഥാന വിഹിതം

അദ്ധ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതിയിനത്തിൽ 120 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 60.2236 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിക്കുകയും ടി ശീർഷകത്തിൽ നിന്നും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ. 10)

2202-01-112-90 -01—പ്രധാനമന്ത്രി പോഷൺ ശക്തി നിർമാൺ-കേന്ദ്രവിഹിതം

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 60 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക ധനാഭ്യർത്ഥന മുഖേന 156.9146 കോടി രൂപ അധികമായി അനുവദിക്കുകയും ആകെ 311.5757 കോടി രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ. 11)

2202-01-112-90-02—സംസ്ഥാന വിഹിതം

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 28 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക ധനാഭ്യർത്ഥന മുഖേന 89.939 കോടി രൂപ അധികമായി അനുവദിക്കുകയും ആകെ 199.3568 കോടി രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ. 12)

2202-01-191-50—കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

കോർപ്പറേഷൻ മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 47.36050 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 22 ലക്ഷം രൂപയിൽ നിന്നും 14.214 ലക്ഷം രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 13)</u>

2202-01-192-50—<u>മുനിസിപ്പാലിറ്റികൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

മുനിസിപ്പാലിറ്റികൾ മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.4279215 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 60 ലക്ഷം രൂപയിൽ നിന്നും 38.405 ലക്ഷം രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 14)</u>

2202-01-196-50—<u>ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

ജില്ലാ പഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 74.03126 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 74 ലക്ഷം രൂപയിൽ നിന്നും 45.191 ലക്ഷം രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 15)

2202-01-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ഗ്രാമപഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6.52728 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 1.75 കോടി രൂപയിൽ നിന്നും 1.1195 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 16)

2202-02-001-98—മുഖ്യജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)

14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, വൈദ്യുതി ചാർജ്ജ്, മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റ പണിയും, വാഹനത്തിന്റെ ഇന്ധന ചെലവ് എന്നിവയുടെ കുടിശ്ശിക തുക നൽകുന്നതിനായി 14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 17)

2202-02-004-95—കേരള വിദ്യാഭ്യാസ ചരിത്ര മ്യൂസിയവും പരിശീലന കേന്ദ്രവും

മ്യൂസിയത്തിനാവശ്യമായ വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കൽ, മെറ്റീരിയലുകൾ ശേഖരിക്കുന്നതിനുള്ള ചെലവുകൾ, പരിശീലന കേന്ദ്രവും

മ്യൂസിയവും സ്ഥാപിക്കൽ എന്നിവയ്ക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 18)

2202-02-101-99—പരിശോധന - ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ

01-4—ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുകയും വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള കുടിശ്ശിക തുകയും നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ 01-4 ശമ്പളം-മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് എന്ന ഘടകത്തിനായി വകയിരുത്തിയ 3.90 ലക്ഷം രൂപയിൽ നിന്നും 2.1090 ലക്ഷം രൂപയും, 05-2 ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ് എന്ന ഘടകത്തിനായി അനുവദിച്ച 12.70 ലക്ഷം രൂപയിൽ നിന്നും 12.3641 ലക്ഷം രൂപയുമാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത് പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടാവില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 19)

2202-02-105-95—അദ്ധ്യാപക പരിശീലനം - ഫാക്കൽറ്റി വികസനം ഉൾപ്പെടെയുള്ള അക്കാദമിക് പ്രോഗ്രാം മെച്ചപ്പെടുത്തൽ

സംസ്ഥാനത്തെ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപക ശാക്തീകരണത്തിനുള്ള പരിശീലന പരിപാടികൾ

നടത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 3 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 8 കോടി രൂപയിൽ നിന്നും 3.150 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 20)</u>

2202-02-106-99—<u>പാഠപുസ്തകങ്ങൾ - പാഠപുസ്തക പ്രസിദ്ധീകരണം</u>

പാഠപുസ്തക ഓഫീസിലെ മുൻവർഷങ്ങളിലെ പ്രിന്റിംഗ് ചാർജ്ജ്, വിതരണ ചാർജ്ജ് കുടിശ്ശിക, സാധനസാമഗ്രികൾ വാങ്ങൽ എന്നീ ചെലവുകൾ വഹിക്കുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 31.3771763 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക ധനാഭ്യർത്ഥന മുഖേന 21.2735 കോടി രൂപ അധികമായി അനുവദിക്കുകയും ടി ശീർഷകത്തിൽ നിന്നും ആകെ 90.7272 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 21)</u>

2202-02-107-95-12—<u>സ്കോളർഷിപ്പുകൾ - സൈനിക സ്കൂളുകൾക്കുള്ള സ്കോളർഷിപ്പ്-സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

സൈനിക സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാർഷിക സ്കോളർഷിപ്പും യൂണിഫോം അലവൻസും ഭക്ഷണത്തിനുമായി അധിക തുക ആവശ്യമായതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 2.6236 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 2 കോടി രൂപ അധികമായി അനുവദിക്കുകയും ടി ശീർഷകത്തിൽ നിന്നും ആകെ 3.2957 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 22)</u>

2202-02-108-99—<u>പരീക്ഷകൾ - പരീക്ഷാ വിഭാഗം</u>

പരീക്ഷയുമായി ബന്ധപ്പെട്ട ഓഫീസ് ചെലവ്, വാടക, കരം, നികുതി, തൊഴിൽപരവും പ്രത്യേകവുമായ സേവനത്തിനുമുള്ള പ്രതിഫലം, രഹസ്യ സേവന ചെലവ്, ചെറുകിട മരാമത്ത് പണികൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നിവയ്ക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 7.2125 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 34.4111 കോടി രൂപയിൽ നിന്നും 29.1176 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 23)</u>

2202-02-109-99-04-4—<u>ഗവൺമെന്റ് സെക്കൻഡറി സ്കൂളുകൾ- യാത്രാച്ചെലവുകൾ- അവധി യാത്രാനുകൂല്യം</u>

സംസ്ഥാനത്തെ 1006 ഗവൺമെന്റ് സെക്കൻഡറി സ്കൂളുകളിലെ 24191 ജീവനക്കാരുടെ മുൻ വർഷങ്ങളിലെ അവധിയാത്രാ ആനുകൂല്യം ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 7 ലക്ഷം രൂപയിൽ നിന്നും 2.7180 ലക്ഷം രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 24)

2202-02-109-75—സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ 2022-23 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകളുടെ തുക നൽകുന്നതിനായി നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 20 കോടി രൂപയിൽ നിന്നും 4 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 25)

2202-02-109-74—ഹയർ സെക്കൻഡറി വിദ്യാഭ്യാസം -വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി

സംസ്ഥാനത്തെ എല്ലാ സൗഹൃദ കോ-ഓർഡിനേറ്റർമാർക്കും പ്രാഥമിക പരിശീലനം നൽകുന്നതിനും കൂടുതൽ വിദ്യാർത്ഥികളിലേക്ക് പദ്ധതിയുടെ പ്രവേശനം എത്തിക്കുന്നതിനുമായി 21.05 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 8.45 കോടി രൂപയിൽ നിന്നും 4.715 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 26)

2202-02-109-71—അക്കാദമിക് എക്സലൻസ്

സ്കൂളുകളിൽ ഗണിതശാസ്ത്രം, സയൻസ്, സാമൂഹ്യ ശാസ്ത്രം എന്നിവയുടെ ഉപജില്ലാ തലത്തിലും റവന്യൂ ഡിസ്ട്രിക്ട് തലത്തിലുമായുള്ള ശാസ്ത്ര മേളകളുടെ നടത്തിപ്പിനും ക്ലബ്ബുകളുടെ പ്രവർത്തനത്തിനും അറബിക്, ഉറുദു ഭാഷാവികസന പരിപാടികൾക്കും

അധിക തുക ആവശ്യമാണ്. ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.14 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 28.50 കോടി രൂപയിൽ നിന്നും 16.6163 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 27)

2202-02-109-70—സ്കൂൾ വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

സെക്കൻഡറി സ്കൂളുകളിലെ പ്രവൃത്തി പരിശീലന പരിപാടി, പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ തുടങ്ങി വിവിധ പ്രവർത്തനങ്ങൾക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 7.51623 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 80.92 കോടി രൂപയിൽ നിന്നും 70.94 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 28)

2202-02-109-66—തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂളിന്റെയും കണ്ണൂർ സ്പോർട്സ് ഡിവിഷന്റെയും അടിസ്ഥാന സൗകര്യവികസനം

ഡെയ്‌ലി വേജസ് ശീർഷകത്തിൽ 9 അദ്ധ്യാപകർക്ക് 1 വർഷത്തിലെ തുക നൽകുന്നതിനായും, ടി. എ. തുക, എൽ.റ്റി.സി., വാട്ടർ ചാർജ്ജ്, വൈദ്യുതി ചാർജ്ജ്, വാടക, കരം, കുടിശ്ശിക എന്നിവ നൽകുന്നതിനായും 1.2994 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 20 കോടി രൂപയിൽ നിന്നും 11.4851 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 29)</u>

2202-02-109-63—<u>സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമഗ്രമായ നവീകരണത്തിനുള്ള പദ്ധതി (വിദ്യാകിരണം)</u>

മിഷനിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ, ഓഫീസ് സംബന്ധമായ വണ്ടി വാടക എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 30)</u>

2202-02-109-61—<u>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള സഹായം</u>

ജില്ല/ഉപജില്ല സ്പോർട്സ് മീറ്റുകൾ, സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ എന്നിവ നടത്തുന്നതിനായും, ദേശീയ ചാമ്പ്യൻഷിപ്പിലെ പങ്കാളിത്തം, സംസ്ഥാനതല സ്കൂൾ കായിക മേളയുടെ നടത്തിപ്പിനായി സ്പോർട്സ് സെക്ഷനിലേക്ക് പുതിയ വാഹനം വാങ്ങുന്നതിനായും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 7.78 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 4.54 കോടി രൂപയിൽ നിന്നും 1.2270 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 31)

2202-02-191-50—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം- റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

കോർപ്പറേഷൻ മുഖാന്തരം സെക്കൻഡറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 37.1220 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 15 ലക്ഷം രൂപയിൽ നിന്നും 9.696 ലക്ഷം രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 32)

2202-02-192-50—മുനിസിപ്പാലിറ്റികൾക്കുള്ള സഹായം - റവന്യൂ ചെലവിനുള്ള ബ്ലോക്ക്ഗ്രാന്റുകൾ

മുനിസിപ്പാലിറ്റി മുഖാന്തരം സെക്കൻഡറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.3320735 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 25 ലക്ഷം രൂപയിൽ നിന്നും 14.255 ലക്ഷം രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 33)

2202-02-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം - റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ജില്ലാ പഞ്ചായത്ത് മുഖാന്തരം സെക്കൻഡറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.0601985 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 1 കോടി രൂപയിൽ നിന്നും 62.357 ലക്ഷം രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 34)

2202-02-800-78—കഴക്കൂട്ടം സൈനിക സ്കൂളിനുള്ള സ്പെഷ്യൽ ഗ്രാന്റ്

കഴക്കൂട്ടം സൈനിക സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാർഷിക സ്കോളർഷിപ്പും യൂണിഫോം അലവൻസും ഭക്ഷണത്തിനുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.9999 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 35)

2202-02-800-47—ഐ.ടി. @ സ്കൂൾ പദ്ധതി (കൈറ്റ്)

മുൻവർഷങ്ങളിൽ സ്കൂളുകളിൽ ലഭ്യമാക്കിയ ലാപ്ടോപ്പുകളുടെ 5 വർഷത്തെ വാറണ്ടി 2023 ജനുവരി മുതലുള്ള മാസങ്ങളിൽ തീരുന്നതിനാൽ ഇവയുടെ വാർഷിക പരിപാലന ചെലവ് നൽകേണ്ടതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 36)</u>

2202-04-103-98—<u>കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (എൽ.ഇ.എ.പി. കേരള മിഷൻ)</u>

സമന്വയ-ട്രാൻസ്ജൻഡേഴ്സിനുള്ള തുടർ വിദ്യാഭ്യാസ പദ്ധതി, ബ്രെയ്‌ലി ലിറ്ററസി, സൈബർ ലിറ്ററസി, സാക്ഷരതാ രംഗത്തെ കലാകാരന്മാർക്കുള്ള പദ്ധതി, ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള സാക്ഷരതാ പദ്ധതി, സാമൂഹ്യസാക്ഷരത തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 8.67 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 37)</u>

2202-80-004-91-36—<u>സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി) - സഹായധനം -ശമ്പളേതരം</u>

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ടീച്ചർ ടെക്സ്റ്റുകൾ, പാഠപുസ്തകങ്ങൾക്കനുസൃതമായി ഡിജിറ്റൽ വിഭവങ്ങൾ, രക്ഷാകർത്താക്കൾക്കുള്ള കൈപുസ്തകം എന്നിവയുടെ തയ്യാറാക്കൽ, കേരളത്തിലും ദേശീയ അന്തർദേശീയ തലത്തിലും വിദഗ്ധർ ഉൾപ്പെടെ പങ്കെടുക്കുന്ന നിരവധി ശില്പശാലകൾ എന്നിവ സംഘടിപ്പിക്കേണ്ടതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 38)

36—സഹായധനം - ശമ്പളേതരം

എസ്.സി.ഇ.ആർ.ടി.-യുടെ തനത് ഫണ്ട് കമ്മി ആയതിനാൽ ജീവനക്കാരുടെ 2023-24 വർഷത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 9 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 39)

4202-01-201-91—സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ ഉപജീവനത്തിനുള്ള ആകസ്മിക സഹായം

സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 40)

4202-01-202-93—അടിസ്ഥാന സൗകര്യം - സ്കൂൾ വിദ്യാഭ്യാസം

സ്കൂളുകളുടെ അടിസ്ഥാന സൗകര്യത്തിനായും സംസ്ഥാനത്തെ സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 67.1941 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിക്കുകയും ആകെ 120.7141 കോടി രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട അവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 41)

4202-01-202-79—സ്കൂൾ വിദ്യാഭ്യാസം - നവീകരണം

ടെക്സ്റ്റ് ബുക്ക് ഡിപ്പോകളുടെ സ്ഥിതി വളരെ ശോചനീയമായതിനാലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ടോയ്ലറ്റ് നവീകരിക്കുന്നതിനായും എഡ്യൂക്കേഷൻ കോംപ്ലക്സ് നിർമ്മാണത്തിനായും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 34 കോടി രൂപയിൽ നിന്നും 21.6068 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

[ഖണ്ഡിക നം. 1 മുതൽ 41 വരെയുള്ള ശിപാർശകളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് കത്ത് നം. പി2/247/2024/പൊ.വി.വ.; തീയതി 24-5-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 10-6-2024-ലെ യോഗം അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ. 42)

2202-03-102-99-31—സർവ്വകലാശാലകൾക്കുള്ള സഹായം - കേരള സർവ്വകലാശാല - സഹായധനം - ശമ്പളം

ശമ്പളം, പെൻഷൻ, അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം, ശമ്പള പരിഷ്കരണ കുടിശ്ശിക, യു.ജി.സി. കുടിശ്ശിക എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 112.8490 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 43)</u>

2202-03-102-98—<u>കോഴിക്കോട് സർവ്വകലാശാല</u>

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരവും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ പ്രകാരവുമുള്ള ശമ്പളം, ശമ്പള കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ, ദിവസവേതന/കരാർ ജീവനക്കാരുടെ പരിഷ്കരിച്ച വേതനം എന്നീ ചെലവുകൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 62.5930 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 44)</u>

യൂണിവേഴ്സിറ്റിയുടെ കണ്ടിജൻസി ഫണ്ടിൽ നിന്നും പദ്ധതികളുടെ നടത്തിപ്പിലേക്കായി ചെലവഴിച്ച തുക സർവ്വകലാശാല കണ്ടിജൻസി ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിനും, പരീക്ഷാ നടത്തിപ്പുകൾക്കും, അക്കാദമിക്/വികസന പ്രവർത്തനങ്ങൾക്കും

മറ്റ് ദൈനംദിന ആവശ്യങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 16.6407626 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ. 45)

2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല

31—സഹായധനം - ശമ്പളം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ശമ്പള പരിഷ്കരണ കുടിശ്ശിക, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനും വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 155.7492 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതിയിനത്തിൽ 8.55 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ. 46)

2202-03-102-95—ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

31—സഹായധനം - ശമ്പളം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നടന്നുകൊണ്ടിരിക്കുന്ന വിദൂര വിദ്യാഭ്യാസം നടത്തുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പഠന സാമഗ്രികൾ തയ്യാറാക്കുന്നതിനും അച്ചടിക്കുന്നതിനും മറ്റുമായി അധിക തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 26.2100 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 11.26 കോടി രൂപയും 35 - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം എന്ന ഉപശീർഷകത്തിൽ 62.30 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ. 47)

2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

31—സഹായധനം - ശമ്പളം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ശമ്പളപരിഷ്കരണ കുടിശ്ശിക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 83.0359 കോടി രൂപയും നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, അദ്ധ്യാപകരുടെ ക്വാർട്ടേഴ്സ്, കുട്ടികളുടെ ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം, പഠന വകുപ്പുകൾക്കാവശ്യമായ ഫർണീച്ചറുകൾ,

ഓഫീസ് ഓട്ടോമേഷൻ പൂർത്തീകരണം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 39.82 കോടി രൂപയും നിലവിലുള്ള ബാദ്ധ്യതകൾ തീർക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പ്രത്യേക ഗ്രാന്റായി പദ്ധതിയേതരയിനത്തിൽ 1.322735 കോടി രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 48)</u>

2202-03-102-92—<u>കണ്ണൂർ സർവ്വകലാശാല ധനസഹായം</u>

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ നടത്തുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 39.1680 കോടി രൂപയും പദ്ധതികളുടെ പൂർത്തീകരണത്തിനും അവയുടെ നടത്തിപ്പിനുമായി പദ്ധതിയിനത്തിൽ 10.28 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത്

വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ. 49)

2202-03-102-77-36—നാഷണൽ യൂണിവേഴ്‌സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്)-സഹായധനം -ശമ്പളേതരം

ന്യുവാൽസിന്റെ ക്യാമ്പസ് വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 3.95 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന നുവാൽസിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് ആസൂത്രണ ബോർഡിന്റെ ശിപാർശക്ക് അനുസൃതമായി മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ. 50)

2202-03-102-72—തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

31—സഹായധനം - ശമ്പളം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ ഫണ്ട് കുടിശ്ശിക, വാഹന വാടക, ഇന്ധനം എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 12.6301 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

മലയാളം സർവ്വകലാശാലയുടെ 2202-03-102-72-00-31 Grant in Aid General Salary (NV) എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന് പുറമേ GO(RT) NO.1781/2023/HEDN dated 04/12/2023 പ്രകാരം 178 ലക്ഷം രൂപ അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ. 51)

ക്യാമ്പസ് വികസനം, അക്കാദമിക് ഭരണവിഭാഗ കെട്ടിട നിർമ്മാണം, ഭൗതിക സൗകര്യവികസനം, ഭരണപരമായ ആധുനീകരണം, വള്ളത്തോൾ ചെയർ സ്ഥാപിക്കൽ എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ '35-മൂലധന ആസ്തികളുടെ രൂപീകരണം' എന്ന ഉപശീർഷകത്തിൽ 2.4772 കോടി രൂപയും '36-സഹായധനം ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 6.4528 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ. 56)

2202-03-103-57—രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ.) (60% സി.എസ്.എസ്.)

കേന്ദ്ര വിഹിതം (01)—75 കോടി രൂപ

സംസ്ഥാന വിഹിതം (02)—50 കോടി രൂപ

റൂസയുടെ പ്രവർത്തനത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. റൂസ ഫണ്ട് ഇനത്തിൽ 40% സംസ്ഥാന വിഹിതം അധികരിച്ച് ശമ്പള ഇനത്തിൽ ചെലവായ തുക ബജറ്റ് വിഹിതത്തിന് പുറമേ വകയിരുത്തുവാനായി 4.8045 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസയ്ക്ക് ലഭ്യമാകുന്ന കേന്ദ്ര വിഹിതത്തിനനുസരിച്ച് കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും സിംഗിൾ നോഡൽ ഏജൻസി അക്കൗണ്ടിൽ മാറ്റാനായി ഉചിത മാർഗ്ഗത്തിലൂടെ അധിക വിഹിതം ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 63)</u>

2203-00-102-99—**<u>കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്)</u>**

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - ശമ്പളേതരം</u>

36—<u>സഹായധനം - ശമ്പളേതരം</u>

പ്രവേശന പരീക്ഷാനടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, യു.ജി.സി./എ.ഐ.സി.ടി.ഇ. പേ റിവിഷൻ, ഡി.എ. അരിയർ, അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ, പെൻഷൻ പരിഷ്കരണം എന്നിവയ്ക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 137.6730 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ. 64)

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും പശ്ചാത്തല അടിസ്ഥാന സൗകര്യ വികസനവും സമയബന്ധിതമായി നടത്തുന്നതിനായി '35-മൂലധന ആസ്തികൾ സൃഷ്ടിക്കൽ' എന്ന ഉപശീർഷകത്തിൽ 4.2405 കോടി രൂപയും വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനും സുരക്ഷാനടപടികൾ സർവ്വകലാശാലയിൽ നടപ്പാക്കുന്നതിനുമായി' 36 - സഹായധനം- ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 6.8595 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

[ഖണ്ഡിക നം. 42-51, 56, 63, 64 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നമ്പർ. ബി1/86/2023/HEDN തീയതി 16-3-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 10-6-2024-ലെ യോഗത്തിൽ അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ. 72)

2203-00-112-60—ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)

31—സഹായധനം - ശമ്പളം

36—സഹായധനം - ശമ്പളേതരം

ഐ.എച്ച്.ആർ.ഡി. സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ് എന്നിവ നൽകുന്നതിനും റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ '31-സഹായധനം - ശമ്പളം' എന്ന ഉപശീർഷകത്തിൽ 93.8869 കോടി രൂപയും '36-സഹായധനം - ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 4.2541 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഐ.എച്ച്.ആർ.ഡി ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് 2023-24 സാമ്പത്തിക വർഷം 2203-00-112-60-31- സഹായധനം - ശമ്പളം ശീർഷകത്തിൽ 22 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ. 73)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും, ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർസ്, സ്കിൽ ഡെവലപ്മെന്റ് കേന്ദ്രം മുതലായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പദ്ധതിയിനത്തിൽ 31.95 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

[ഖണ്ഡിക നം. 72, 73 എന്നിവയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നമ്പർ ജെ1/177/2024/ഉ.വി.വ.; തീയതി 31-5-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 2-7-2024-ലെ യോഗം അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ. 74)

2203-00-112-58—എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, തിരുവനന്തപുരം സെന്ററിന്റെ പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിനും കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ഇൻഡോർ സ്റ്റേഡിയ നിർമ്മാണം പൂർത്തീകരിക്കുന്നതിനും പദ്ധതിയിനത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, തിരുവനന്തപുരം സെന്ററിന്റെ പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിനും കാസർഗോഡ്

എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ഇൻഡോർ സ്റ്റേഡിയ നിർമ്മാണം പൂർത്തീകരിക്കുന്നതിനും പദ്ധതിയിനത്തിൽ അധികമായി സമിതി ശിപാർശ ചെയ്ത തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 75)

കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ അക്കാഡമിക് ബ്ലോക്ക്, മെൻസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിനും മലപ്പുറം എൽ.ബി.എസ്. ഐ.ഐ.റ്റി.-ക്ക് ഭൂമി ഏറ്റെടുക്കലും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി നിലവിൽ ബജറ്റ് വിഹിതം ഇല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 60.51 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ അക്കാഡമിക് ബ്ലോക്ക്, മെൻസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിനും മലപ്പുറം എൽ.ബി.എസ്. ഐ.ഐ.റ്റി.-ക്ക് ഭൂമി ഏറ്റെടുക്കലും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി പദ്ധതിയിനത്തിൽ അധികമായി സമിതി ശിപാർശ ചെയ്ത തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 76)

36—സഹായധനം - ശമ്പളേതരം

എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യൂ., പൂജപ്പുര എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ് എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യൂ., പൂജപ്പുര എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ് എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ അധികമായി സമിതി ശിപാർശ ചെയ്ത തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

[ഖണ്ഡിക നം. 74, 75, 76 എന്നിവയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നമ്പർ ജെ1/177/2024/ഉ.വി.വ.; തീയതി 31-5-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 2-7-2024-ലെ യോഗം അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ. 77)

2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം ധനസഹായം
36—സഹായധനം-ശമ്പളേതരം

സെന്ററിന്റെ വികസനത്തിന്റെ ഭാഗമായി പാക്കേജിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും ഒരു സിംഗിൾ കളർ വെബ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനും ഹെഡ് ഓഫീസിലും ഉപകേന്ദ്രങ്ങളിലും ഇ-ഇൻഫ്രാസ്ട്രക്ചർ സംവിധാനം ഒരുക്കുന്നതിനുമായി പദ്ധതിയിനത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പ് വർഷത്തെ ബജറ്റ് വിഹിത വിനിയോഗം പൂർത്തിയായശേഷം അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കാത്ത സാഹചര്യത്തിൽ അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

[ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നമ്പർ. കെ3/94/2023/HEDN തീയതി 4-5-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 10-6-2024-ലെ യോഗത്തിൽ അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ. 78)

2204-00-102-99-34—നാഷണൽ കേഡറ്റ് കോർപ്സ് - മറ്റു ചെലവുകൾ

3—മറ്റിനം

2022-23 സാമ്പത്തിക വർഷം എൻ.സി.സി. ക്യാമ്പുകൾ 10 ദിവസത്തിൽ നിന്നും 8 ദിവസമായി കുറച്ചിരുന്നു. എന്നാൽ ഇത് 2023-24 മുതൽ 10 ദിവസമായി പുനഃസ്ഥാപിച്ചിരിക്കുകയാണ്. ആയതിനാൽ ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2204-00-102-99-34-other items എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-2023-24-ന്റെ ധനാഭ്യർത്ഥനകളുടെ മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 78 -ൽ ശിപാർശ ചെയ്ത പ്രകാരം എൻ.സി.സി. വകുപ്പിന് 2023-24 സാമ്പത്തിക വർഷം 2204-00-102-99-34-other items എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ തുക അനുവദിച്ചിട്ടില്ല.

[ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നമ്പർ. എ 2/84/2023/ഉ.വി.വ.; തീയതി 27-5-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 2-7-2024-ലെ യോഗത്തിൽ അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ. 81)</u>

2205-00-105-99—<u>കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ</u>

31—സഹായധനം - ശമ്പളം

ശമ്പളം, പെൻഷൻ, കുടിശ്ശിക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 82)</u>

36—സഹായധനം - ശമ്പളേതരം

ലൈബ്രറികൾക്ക് പുസ്തകം, ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ്, കമ്പ്യൂട്ടർ വത്കരണം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 40.90 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ (2023-24) 81 & 82 ഖണ്ഡികകളിലെ ശിപാർശ പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2023-24 സാമ്പത്തിക വർഷം 2205-00-105-99-31- Salary എന്ന ശീർഷകത്തിലും 2205-00-105-99-36- Non Salary എന്ന ശീർഷകത്തിലും പദ്ധതിയേതരയിനത്തിൽ തുക അനുവദിച്ചിട്ടില്ല.

[ഖണ്ഡിക 81, 82 എന്നിവയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നമ്പർ എ 2/82/2023/ഉ.വി.വ.; തീയതി 25-5-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 2-7-2024-ലെ യോഗത്തിൽ അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ. 83)</u>

2205-00-105-96—<u>ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്</u>

കോഴ്സ് നടത്തിപ്പിനുള്ള തുക 51,350 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിലും ബജറ്റ് വിഹിതത്തിൽ പ്രസ്തുത തുക മുഴുവൻ അനുവദിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 15,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നടപ്പ് സാമ്പത്തിക വർഷം (2023-24) മുതൽ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിനുള്ള അപേക്ഷ ഈ വർഷം ആദ്യമായി ഓൺലൈൻ മുഖേനയാണ് ക്ഷണിച്ചിട്ടുള്ളത്. ഈ കോഴ്സിന് ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിട്ടുണ്ട്. ആയതിന്റെ റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഇന്റർവ്യൂ നടത്തി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിനുശേഷം മാത്രമേ കോഴ്സ് ആരംഭിക്കുവാൻ സാധിക്കൂ. 6 മാസം ദൈർഘ്യമുള്ള പ്രസ്തുത കോഴ്സ് ജനുവരിയിൽ ആരംഭിച്ചാൽ പോലും ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ സാധിക്കില്ല. ഈ സാഹചര്യത്തിൽ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ അധികമായി വകയിരുത്തുന്നതിന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്ന 15,000 രൂപ സംബന്ധിച്ച തുടർനടപടികൾ ഒന്നും സ്വീകരിക്കേണ്ട സാഹചര്യം ഇല്ല എന്ന വസ്തുത അറിയിക്കുന്നു.

[ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നമ്പർ. എ 1/114/2023/എച്ച്.ഇ.സി.എൻ.; തീയതി 3-6-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 2-7-2024-ലെ യോഗത്തിൽ അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ. 87)</u>

2202-03-112-95—<u>സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്</u>

31—<u>സഹായധനം- ശമ്പളം</u>

സി.ഡി.എസ്-ലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1.6711 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണെന്ന് അറിയിച്ചിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു.

[ആസൂത്രണസാമ്പത്തിക കാര്യവകുപ്പ് കത്ത് നം.P.RO./40/2023/PLGEA: തീയതി 15-11-2023 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 10-6-2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ. 88)

2202-05-102-98-36—സംസ്ഥാന സർവ്വവിജ്ഞാനകോശം പ്രസിദ്ധീകരണ കേന്ദ്രം - സഹായധനം -ശമ്പളേതരം

2023-24 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം, ഡി.എ. കുടിശ്ശിക, പേ റിവിഷൻ കുടിശ്ശിക, ടെർമിനൽ സറണ്ടർ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത അഡ്വാൻസ് തുക തിരിച്ചടയ്ക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2.66 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 89)

2202-05-102-97-36—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്- സഹായധനം - ശമ്പളേതരം

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും, തളിര് മാസികയുടെ പ്രസിദ്ധീകരണത്തിനും ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 90)

2202-05-102-96-36—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-സഹായധനം - ശമ്പളേതരം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബുക്ക് സ്റ്റാളുകളുടെ നവീകരണം, കേരള ഭാഷാ നിഘണ്ടുവിന്റെ പുതിയ പതിപ്പിന്റെയും ഇ-ബുക്കിന്റെയും പ്രസിദ്ധീകരണം, വിജ്ഞാനമുദ്രണം പ്രസ്സിന് പുതിയ കെട്ടിട നിർമ്മാണം, സെമിനാറുകൾ, ശില്പശാലകൾ, പ്രദർശനങ്ങൾ എന്നിവ നടത്തുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം/വേതനം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കും വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3.24 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 3 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 91)

2202-05-102-92-36—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി - ധനസഹായം - സഹായധനം- ശമ്പളേതരം

കേരള സ്റ്റേറ്റ് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് പുതിയ പബ്ലിഷിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും പ്രശസ്തരായ എഴുത്തുകാരുടെ ജീവിതം മുൻനിർത്തിയുള്ള ഡോക്യുമെന്ററി തയ്യാറാക്കുന്നതിനും, പ്രഗത്ഭരായ ഭാഷാ സാഹിത്യ അധ്യാപകരുടെ ക്ലാസ്സുകൾ പുനരാവിഷ്കരിച്ച് അടുത്ത തലമുറയ്ക്കായി സംരക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 92)

2202-05-102-86—മലയാളം മിഷൻ

മലയാളം മിഷൻ വിപുലീകരിക്കപ്പെടുകയും ഊർജ്ജസ്വലമാകുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയിനങ്ങളിലുണ്ടായ വർദ്ധന, ജീവനക്കാരുടെ ശമ്പളം, വേതനം, ഇന്ധനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ചെലവുകൾ, സ്റ്റേഷനറി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 13.58 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 60.867 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 93)

2205-00-101-97—കേരള കലാമണ്ഡലം

31—സഹായധനം - ശമ്പളം

പദ്ധതിയിലെ ചെലവുകളുടെ വർദ്ധനവും 7-ാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെയും 11-ാം ശമ്പള പരിഷ്കരണത്തിന്റെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 8.54 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള കലാമണ്ഡലത്തിന് 2023-24 സാമ്പത്തിക വർഷത്തിൽ 2205-00-101-97-31 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 2,00,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.143/2024/CLAD തീയതി 14-3-2024)

ശിപാർശ (ഖണ്ഡിക നമ്പർ. 94)

36—സഹായധനം - ശമ്പളേതരം

കലാമണ്ഡലത്തിലെ വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 1.82 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 95)

2205-00-101-96—ജവഹർ ബാലഭവൻ

36—ധനസഹായം-ശമ്പളം

ജവഹർ ബാലഭവൻ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 4.9881911 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കൊല്ലം ജവഹർ ബാലഭവന് 2023-24 സാമ്പത്തിക വർഷത്തിൽ 2205-00-101-96-31 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 16,50,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.85/2024/CLAD തീയതി 17-2-2024)

തൃശ്ശൂർ ജവഹർ ബാലഭവന് 2023-24 സാമ്പത്തിക വർഷത്തിൽ 2205-00-101-96-31 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 15,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.115/2024/CLAD തീയതി 29-2-2024)

<u>ശിപാർശ (ഖണ്ഡിക നമ്പർ. 96)</u>

36—<u>സഹായധനം - ശമ്പളേതരം</u>

താങ്ങുഭിത്തി നിർമ്മാണം, ഓഫീസ്, ക്ലാസ് റൂം എന്നിവയുടെ അറ്റകുറ്റപ്പണികൾ, സയൻസ് പാർക്കിന്റെ സംരക്ഷണം, ഹൈടെക് ക്ലാസ് മുറികൾ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.7576 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 97)</u>

2205-00-101-89—<u>തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ, മലപ്പുറം</u>

36—<u>സഹായധനം - ശമ്പളേതരം</u>

തുഞ്ചൻ സ്മാരകത്തിൽ ആരംഭിച്ച ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നിയമിതരായ ഗൈഡ്, ഗവേഷകർ എന്നിവർക്കുള്ള പ്രതിഫലം, സാധന സാമഗ്രികളുടെ ശേഖരണം, സൂക്ഷിപ്പ്, യാത്രാ-താമസ ചെലവുകൾ, സ്മാരകത്തിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ബാലസമാജ ശില്പശാലകൾ, ലൈബ്രറി വികസനം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 60 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 98)</u>

2205-00-102-97—<u>കേരള സാഹിത്യ അക്കാദമി ധനസഹായം</u>

36—<u>സഹായധനം - ശമ്പളേതരം</u>

സാംസ്കാരിക പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, ഓഫീസ് ചെലവുകൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3.60 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.54 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സാഹിത്യ അക്കാദമിയ്ക്ക് 2023-24 സാമ്പത്തിക വർഷത്തിൽ 2205-102-97-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 1,00,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.518/2023/സാം.കാ.വ. തീയതി 4-10-2023)

<u>ശിപാർശ (ഖണ്ഡിക നമ്പർ. 99)</u>

2205-00-102-91—<u>കേരള ലളിതകലാ അക്കാഡമി</u>

36—<u>സഹായധനം - ശമ്പളേതരം</u>

കോഴിക്കോട് ആർട്ട് ഗ്യാലറികളുടെ നിർമ്മാണം, കിളിമാനൂർ രാജാ രവിവർമ്മ സ്മാരക നിലയം - ആർട്ടിസ്റ്റ് ഇൻ സ്റ്റുഡിയോ റസിഡൻസി വികസനം, കലാവസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണം, സ്ഥിരം - കരാർ - ദിവസവേതന ജീവനക്കാരുടെ ശമ്പളം, വേതനം എന്നിവ സംബന്ധിച്ച ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 100)</u>

2205-00-102-90—<u>കേരള സംഗീതനാടക അക്കാഡമി</u>

36—<u>സഹായധനം - ശമ്പളേതരം</u>

കേരള സംഗീത നാടക അക്കാഡമി നടത്തുവാൻ ഉദ്ദേശിക്കുന്ന പരിപാടികൾക്കും നവീകരണത്തിനുമായി പദ്ധതിയിനത്തിൽ 14.0420 കോടി രൂപയും ജീവനക്കാരുടെ

നിയമനം, ശമ്പള പരിഷ്കരണം, വേതനം, അംഗങ്ങളുടെ സിറ്റിംഗ് ഫീസ്, വാഹനബത്ത തുടങ്ങിയവ കാലാനുസൃതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പദ്ധതിയേതര ഇനത്തിൽ 2.6508 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 101)</u>

2205-00-102-87—<u>നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം</u>

കലാകാര പെൻഷൻ കൈപ്പറ്റുന്ന 2800 കലാകാരന്മാർക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 47.20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 102)</u>

2205-00-102-86—<u>കഥകളി പരിശീലനം - മാർഗി</u>

36—<u>സഹായധനം - ശമ്പളേതരം</u>

ആട്ടക്കഥകൾ കൃത്യമായി ചൊല്ലിയാടി അരങ്ങുകളിൽ അവതരിപ്പിക്കുന്നതിനും അവധി ദിവസങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് കഥകളി/കൂടിയാട്ടം വേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി തുടങ്ങിയ വിഷയങ്ങളിൽ സൗജന്യ ക്ലാസ്സുകൾ നടത്തുന്നതിനും, മാർഗിയിൽ ഉപരിപഠനം നടത്തുന്നവർക്ക് പരിശീലനം നൽകുന്നതിനും, പാർശ്വവൽക്കരിച്ച കുട്ടികൾക്ക് സൗജന്യ വാദ്യ പരിശീലനം നൽകുന്നതിനും മാർഗിയിലെ ഗ്രന്ഥശാലയിൽ ആവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിനും മറ്റുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 60 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 103)</u>

2205-00-102-82—<u>തിരുവനന്തപുരം ഭാരത് ഭവൻ</u>

36—<u>സഹായധനം - ശമ്പളേതരം</u>

സ്ഥാപനത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളം, വാഹന വാടക, മറ്റ് ഓഫീസ് ചെലവുകൾ മുതലായ പദ്ധതിയേതര ചെലവുകൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.755 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 43.68 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഭാരത് ഭവന് 2023-24 സാമ്പത്തിക വർഷത്തിൽ 2205-00-102-82-36 (നോൺ സാലറി നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 13,48,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.184/2024/CLAD തീയതി 23-3-2024)

<u>ശിപാർശ (ഖണ്ഡിക നമ്പർ. 104)</u>

2205-00-102-76—<u>ഗുരു ഗോപിനാഥ് നടനഗ്രാമം -വട്ടിയൂർക്കാവ്</u>

36—<u>സഹായധനം - ശമ്പളേതരം</u>

സ്ഥാപനത്തിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ആവശ്യമായ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മറ്റ് ഭരണച്ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 20 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഗുരു ഗോപിനാഥ് നടനഗ്രാമത്തിന് 2023-24 സാമ്പത്തിക വർഷത്തിൽ 2205-00-102-76-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 7,60,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.177/2024/സാം.കാ.വ. തീയതി 22-3-2024)

<u>ശിപാർശ (ഖണ്ഡിക നമ്പർ. 105)</u>

2205-00-102-75—<u>കേരളത്തിൽ നടത്തുന്ന അന്തർദേശീയ ചലച്ചിത്ര മേള</u>

28-ാമത് ഐ.എഫ്.എഫ്.കെ. സംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 106)</u>

2205-00-102-74—<u>കേരള നാടൻകല അക്കാഡമി</u>

36—<u>സഹായധനം - ശമ്പളേതരം</u>

അക്കാഡമി ആസ്ഥാനം സന്ദർശിക്കുന്നവർക്ക് ആവശ്യമായ ശൗചാലയങ്ങൾ, വിശ്രമമുറികൾ എന്നിവ നിർമ്മിക്കുന്നതിന് പദ്ധതിയിനത്തിൽ 1 കോടി രൂപയും അക്കാഡമിയിലെ 6 സ്ഥിരം ജീവനക്കാരുടെയും സെക്രട്ടറിയുടെയും ശമ്പളം, ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരുടെ ഓണറേറിയം, യാത്രാപ്പടി, മറ്റ് ചെലവുകൾ എന്നിവയ്ക്കുമായി പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 107)

2205-00-102-68—വാസ്തുവിദ്യാ ഗുരുകുലം

36—സഹായധനം - ശമ്പളേതരം

പ്രകൃതി സൗഹൃദ നിർമ്മാണ വിദ്യയുടെ ഗവേഷണം, കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് കാർബൺരഹിത നിർമ്മാണ സാമഗ്രികളുടെ പ്രചരണം, ഖരമാലിന്യങ്ങളുടെ റീസൈക്ലിംഗ്, കേരളീയ പാരമ്പര്യ കരകൗശല ഉല്പന്നങ്ങളുടെ വികസനവും കരകൗശല കലാകാരന്മാരുടെ പരിപോഷണത്തിനുമായി പദ്ധതിയിനത്തിൽ 72 ലക്ഷം രൂപയും ജീവനക്കാരുടെയും കലാകാരന്മാരുടെയും ശമ്പളത്തിനും വേതനത്തിനും മറ്റുമായി പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വാസ്തുവിദ്യാ ഗുരുകുലത്തിന് 2023-24 സാമ്പത്തിക വർഷത്തിൽ 2205-00-102-68-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 10,00,000 രൂപയും (സ.ഉ. (സാധാ) നം. 452/ 2023/ CLAD തീയതി 26-8-2023), 2022-2023 വർഷം സാമ്പത്തിക നിയന്ത്രണം മൂലം റിലീസ് ചെയ്യാൻ കഴിയാതിരുന്ന വകയിൽ 15,00,000 രൂപയും (സ.ഉ.(സാധാ)നം.354/2023/CLAD തീയതി 14-7-2023) അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ. 108)

2205-00-102-67—അശരണരും രോഗബാധിതരുമായകലാസാംസ്കാരിക പ്രവർത്തകർക്കുള്ള അടിയന്തര ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായം

ഈ പദ്ധതി പ്രകാരം ചികിത്സാധനസഹായം ലഭിക്കുന്നതിനായി നൽകുന്ന അപേക്ഷകരുടെ എണ്ണത്തിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 10 ലക്ഷം രൂപ കൂടി അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 109)

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

31—സഹായധനം - ശമ്പളം

ചലച്ചിത്ര അക്കാഡമി ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾ അന്തിമ ഘട്ടത്തിലാണെന്നിരിക്കെ അക്കാഡമിയിലെ സ്ഥിരം/കരാർ/ദിവസവേതന ജീവനക്കാരുടെ ശമ്പളം, വേതനം മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 110)

36—സഹായധനം - ശമ്പളേതരം

മലയാള സിനിമാ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സിനിമാ രംഗത്തെ സാങ്കേതിക മേഖലയിൽ വനിതകൾക്ക് പരിശീലനം നൽകുന്നതിനും അക്കാഡമിയുടെ ഗവേഷണ കേന്ദ്രമായ സിഫ്രയുടെ അടിസ്ഥാന സൗകര്യ വികസനം, ഫാക്കൽറ്റികൾക്കുള്ള ഓണറേറിയം, വിനോദസഞ്ചാരത്തിന് ഉത്തേജനം പകരുന്നതിനായി കേരളത്തിലെ വിനോദ സഞ്ചാര മേഖലകളെ ഷൂട്ടിംഗ് ലൊക്കേഷനുകളുടെ ഭാഗമാക്കി ഷൂട്ടിംഗിന് അനുമതി ലഭിക്കുന്നതിനായി ഏകജാലക സംവിധാനം ഒരുക്കുന്നതിനും മറ്റുമായി വിദേശ രാജ്യങ്ങളിൽ മലയാള ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനും, സിനിമാ ടൂറിസവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ പദ്ധതികൾ സംഘടിപ്പിക്കുന്നതിനും ചലച്ചിത്ര പൈതൃക സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ്, സംസ്ഥാന ടെലിവിഷൻ അവാർഡ് എന്നിവയുൾപ്പെടെ അക്കാഡമിയുടെ നിരവധി പരിപാടികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 9.50 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.75 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 111)</u>

2205-00-102-65—<u>മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി</u>

33—<u>സബ്സിഡികൾ</u>

മലയാള ചലച്ചിത്ര നിർമ്മാണത്തിനുള്ള സബ്സിഡി നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 112)</u>

2205-00-102-63—<u>മൊയിൻകുട്ടി വൈദ്യർ മാപ്പിളകല അക്കാഡമി</u>

36—<u>സഹായധനം - ശമ്പളേതരം</u>

ഗ്രാന്റിന്റെ കുറവ് കാരണം മന്ദഗതിയിലായതും പാതി വഴിയിൽ നിർത്തിവച്ചതുമായ അക്കാഡമിയുടെ നിരവധി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പുനരാരംഭിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5.21 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 79 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 113)

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ

36—സഹായധനം - ശമ്പളേതരം

മഹാകവി അവസാനം രചിച്ച 'കരുണയുടെ' ശതാബ്ദി ആഘോഷം, ആശാന്റെ ചരമ ശതാബ്ദി ആചരണം, നിർമ്മാണം പുരോഗമിക്കുന്ന ആശാൻ സൗധത്തിന്റെ ഭൗതിക സൗകര്യമൊരുക്കൽ, ആശാൻ വ്യാഖ്യാനകോശം നിർമ്മിതിയുടെ ആരംഭം, ലൈബ്രറി വികസനം, മഹാകവി കുമാരനാശാന്റെ നൂറ്റിഅമ്പതാം ജന്മവാർഷികാഘോഷ പരിപാടികളുടെ സമാപനം, ആശാൻ കവിതകളുടെ ഓഡിയോ റെക്കോഡിംഗ് എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 46 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 114)

2205-00-102-41—സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള ധനസഹായം - ആവർത്തിക്കാത്തത്

കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും അനാവർത്തന ധനസഹായം നൽകുന്ന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 115)

2205-00-102-40—വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം) തിരുവനന്തപുരം

36—സഹായധനം - ശമ്പളേതരം

വൈലോപ്പിള്ളി സംസ്കൃതിഭവന്റെ ആഭിമുഖ്യത്തിൽ വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, ഓപ്പൺ എയർ ആഡിറ്റോറിയം, കൂത്തമ്പലം എന്നിവയുടെ നവീകരണം, റെക്കോഡിംഗ് സ്റ്റുഡിയോ സ്ഥാപിക്കൽ, ഉദ്യാനത്തിൽ ലൈറ്റ് സംവിധാനം സ്ഥാപിക്കൽ, ശില്പശാലകൾ/ സെമിനാറുകൾ/ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ ജീവനക്കാരുടെ വേതനം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ, വാഹന വാടക, കെട്ടിട/പൂന്തോട്ട നവീകരണം എന്നീ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 24 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 92.20 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 116)</u>

2205-00-102-34—<u>അന്താരാഷ്ട്ര നാടകോത്സവം</u>

ലോക നാടകത്തിന്റെ നവീന പ്രവണതകളും സന്ദേശങ്ങളും പരിചയപ്പെടുത്തിക്കൊണ്ട് തൃശ്ശൂരിനുപുറമെ പ്രാദേശികാടിസ്ഥാനത്തിലും അന്താരാഷ്ട്ര നാടകോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനായി ഈ ഇനത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇറ്റ്ഫോക്ക് 2024 അന്താരാഷ്ട്ര നാടകോത്സവവുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിന് അധിക ധനാനുമതിയായി 2205-102-90-36 (നോൺ സാലറി പ്ലാൻ) എന്ന ശീർഷകത്തിൽ 1,00,00,000 രൂപ അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.82/2024/സാം.കാ.വ. തീയതി 16-2-2024)

<u>ശിപാർശ (ഖണ്ഡിക നമ്പർ. 117)</u>

2205-00-102-32—<u>ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം, ചെമ്പഴന്തി</u>

36—<u>സഹായധനം - ശമ്പളേതരം</u>

നവകേരള നിർമ്മിതിയുടെ ഭാഗമായി ആവിഷ്കരിച്ച സാംസ്കാരിക പദ്ധതിയായ 'ശ്രീ നാരായണഗുരു വിശ്വദർശന സംഗമം' എന്ന മൂന്ന് ദിവസം നീളുന്ന പദ്ധതിയുടെ പ്രതീക്ഷിത

ചെലവ് 15 ലക്ഷം രൂപയാണ്. കൂടാതെ വെള്ളയമ്പലം ശ്രീനാരായണഗുരു പാർക്കിന്റെ മേൽനോട്ട ചുമതലയുള്ള ജീവനക്കാരുടെ വേതനം, വൈദ്യുതി ചാർജ്, വെള്ളക്കരം, പൂന്തോട്ട പരിപാലനം തുടങ്ങിയ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 15 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 9.68 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 118)</u>

2205-00-102-31—<u>കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട്</u>

10—<u>സംഭാവന</u>

ബോർഡ് ചെയർമാന്റെ ശമ്പളം, യാത്രാബത്ത, മീറ്റിംഗ് ചെലവുകൾ, ജീനക്കാരുടെ വേതനം, വാഹന വാടക, കെട്ടിട വാടക, ഓഫീസ് ഓട്ടോമോഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 72.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട് ബോർഡിന് 2023-2024 സാമ്പത്തിക വർഷത്തിൽ 6202-04-102-99 loans to the kerala cultural Activists Welfare Fund (Non Plan) എന്ന ശീർഷകത്തിൽ 50,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.608/2023/CLAD തീയതി 18-11-2023)

[ഖണ്ഡിക നമ്പർ 88 മുതൽ 118 വരെയുള്ള ശിപാർശകളിന്മേൽ സാംസ്കാരികകാര്യ വകുപ്പ് കത്ത് നം.എ 3/58/2023/സാം.കാ.വ. തീയതി 26-6-2024 കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 2-7-2024-ലെ യോഗത്തിൽ അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ. 119)</u>

2205-00-103-99—<u>പുരാവസ്തു ഗവേഷണം - പുരാവസ്തു ഗവേഷണ വകുപ്പ്</u>

05-1—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

മ്യൂസിയം സന്ദർശകരുടെ എണ്ണത്തിലുള്ള വർദ്ധനമൂലം കുടിവെള്ളത്തിന്റെ ഉപയോഗം വർദ്ധിച്ചതും പ്രധാനപ്പെട്ട സംരക്ഷിത സ്മാരകങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കിയതുമൂലമുള്ള വർദ്ധിച്ച വെള്ളക്കരം ഒടുക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1 ലക്ഷം രൂപ കൂടി അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വകുപ്പിന്റെ പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 120)

2—വൈദ്യുതി ചെലവ്

ഏറ്റവും വലിയ പുരാവസ്തു മ്യൂസിയമായ ഹിൽപാലസ് മ്യൂസിയത്തിൽ പുതുതായി ട്രാൻസ്ഫോമർ സ്ഥാപിച്ചതിനാലും, പുതുതായി ആരംഭിച്ച മ്യൂസിയങ്ങളിലും നവീകരിച്ച മ്യൂസിയങ്ങളിലും പുതിയ തരത്തിലുള്ള ഡിസ്‌പ്ലേ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതു മൂലമുള്ള വർദ്ധിച്ച വൈദ്യുതി ചെലവ് ഒടുക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

G.O.(Rt).No.2659/2024-Fin. Dated 19-3-2024 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 6 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ. 121)

21 - 2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

മെയിന്റനൻസ് ചാർജ്ജ് കൂടിയതിനാലും ഫീൽഡ് സർവ്വേ, എസ്കവേഷൻ, പ്രവൃത്തികളുടെ മേൽനോട്ടം എന്നിവയ്ക്കായി വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് മൂലമുള്ള അധിക ചെലവ് നേരിടുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വകുപ്പിന്റെ പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 122)

45—പി. ഒ. എൽ.

ഇന്ധന ഉപഭോഗം വർദ്ധിക്കുന്നത് മൂലവും, ഫീൽഡ് സർവ്വേ, എസ്കവേഷൻ എന്നിവയ്ക്കായി വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് മൂലമുള്ള അധിക ചെലവ് നേരിടുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വകുപ്പിന്റെ പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

[ഖണ്ഡിക 119 മുതൽ 122 വരെയുള്ള ശിപാർശകളിന്മേൽ സാംസ്കാരികകാര്യ വകുപ്പ് കത്ത് നമ്പർ 120/ബി2/2023/സാം.കാ.വ.; തീയതി 29-5-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 2-7-2024-ലെ യോഗത്തിൽ അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ. 123)

2205-00-103-85—പൈതൃക പഠന കേന്ദ്രം

കേരളത്തിലെ പൈതൃകത്തെ സംബന്ധിച്ച ലിഖിതങ്ങളുടെ പ്രസിദ്ധീകരണം, സെമിനാറുകൾ, വിവിധ പൈതൃകങ്ങളുടെ പ്രാമാണീകരണവും പ്രദർശനങ്ങളും പ്രഭാഷണങ്ങളും, ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, ഓഫീസ് ചെലവുകൾ, മാൻപാർക്ക്, മ്യൂസിയം ക്യാമ്പസ് എന്നിവയുടെ പരിപാലനം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 55 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 7.14 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

[സാംസ്കാരികകാര്യ വകുപ്പ് കത്ത് നം.എ 3/58/2023/സാം.കാ.വ. തീയതി 26-6-2024 കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 2-7-2024-ലെ യോഗത്തിൽ അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ. 124)</u>

2205-00-104-99—<u>പുരാതന ഗ്രന്ഥശേഖരം - കേരള സ്റ്റേറ്റ് ആർക്കൈവ്സ്</u>

02-5—<u>വേതനം - ദിവസ വേതനം</u>

സംസ്ഥാന പുരാരേഖാ വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് കൺസർവേഷൻ തസ്തികയിൽ ജോലി ചെയ്യുന്ന 2 ജീവനക്കാർക്കും, വൈക്കം സത്യാഗ്രഹ ഗാന്ധിസ്മാരക മ്യൂസിയം, താളിയോലരേഖാ മ്യൂസിയം, ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ, കാര്യവട്ടം എന്നീ ഓഫീസുകളിൽ അനുവദിച്ച 28 തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിലേക്കായും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 59.22 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വകുപ്പിന്റെ പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ. 125)</u>

45—<u>പി. ഒ. എൽ.</u>

സംസ്ഥാന പുരാരേഖാ വകുപ്പിന്റെ വാഹനങ്ങളുടെ ഇന്ധനച്ചെലവ് നേരിടുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വകുപ്പിന്റെ പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

[സാംസ്കാരികകാര്യ വകുപ്പ് കത്ത് നമ്പർ 120/ബി2/2023/സാം.കാ.വ.; തീയതി 29-5-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 2-7-2024-ലെ യോഗത്തിൽ അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ. 126)

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

01—മരാമത്തുപണികൾ

ജെ.സി. ഡാനിയേലിന്റെ ശില്പ നിർമ്മാണം, ഔട്ട്ഡോർ ഉപകരണങ്ങൾ വാങ്ങൽ, ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമിന്റെ പുനരുജ്ജീവനം, ഇ-ടിക്കറ്റിംഗ്, ഉന്നത നിലവാരമുള്ള തീയേറ്ററുകളുടെ നിർമ്മാണം, മൂന്നാർ തിയേറ്ററിന്റെ ഡി.പി.ആർ. തയ്യാറാക്കൽ, മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾ എന്നിവയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ. 127)

4202-04-800-82—സാംസ്കാരിക പൈതൃക ഗ്രാമം

കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന നാടൻ പാരമ്പര്യങ്ങളും കരകൗശല വസ്തുക്കളും പ്രദർശിപ്പിക്കുക, കേരളത്തിന്റെ പരമ്പരാഗത കലാപരമായ പൈതൃകം സംരക്ഷിക്കുകയും വരുംതലമുറയ്ക്ക് പ്രചരിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിക്കുന്ന പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

[സാംസ്കാരികകാര്യ വകുപ്പ് കത്ത് നം.എ 3/58/2023/സാം.കാ.വ. തീയതി 26-6-2024 കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 2-7-2024-ലെ യോഗത്തിൽ അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ. 138)</u>

2235-02-102-93—<u>മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാങ്ങപ്പാറ</u>

എസ്.ഐ.എം.സി. സ്ഥാപനത്തെ അപ്പെക്സ് ഇൻസ്റ്റിറ്റ്യൂട്ട് ആക്കുന്നതിന്റെ ഭാഗമായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് പദ്ധതിയിനത്തിൽ അധികമായി 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി പ്രത്യേകം ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

[പൊതുവിദ്യാഭ്യാസ വകുപ്പ് കത്ത് നം. പി2/247/2024/പൊ.വി.വ.; തീയതി 24-5-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 10-6-2024-ലെ യോഗം അംഗീകരിച്ചു.]

<u>അദ്ധ്യായം II</u>

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ (2023-24) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാനുള്ള ഖണ്ഡികകൾ

| ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| ഉന്നതവിദ്യാഭ്യാസം | 52-55, 57-62, 65-71, 79-80, 84-86 |
| കായികയുവജന കാര്യം | 128-137 |

**വി. ശിവൻകുട്ടി,**

തിരുവനന്തപുരം,

*ചെയർമാൻ,*

2024 ജൂലൈ 2.

*സബ്ജക്ട് കമ്മിറ്റി VI.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.